# പ്രദക്ഷിണം

മലങ്കരയുടെ സഭാവിചാര ശബ്ദം



ജൂൺ 5
ലോക
പരിസ്ഥിതി ദിനം



# ദീയസ്കോറോസ് തിരുമേനിക്ക് ഒപ്പം അൽപ്പനേരം

## തയാറാക്കിയത്: പ്രദക്ഷിണം ടീം

കോട്ടയം ഭദ്രാസനത്തിന്റെ സഹായമെത്രാനായി ദീയസ്കോറോസ് തിരുമേനി നിയോഗിക്കപ്പെട്ടുകൊണ്ടുള്ള പ. ബാവാതിരുമേനിയുടെ കല്പന കോട്ടയം ഭദ്രാസനത്തിന് പുതിയൊരുണർവ്വ് പ്രദാനം ചെയ്തിട്ടുണ്ട് എന്നതിൽ സംശയമില്ല. തിരുമേനിയുമായി ഒരു അഭിമുഖസംഭാഷണം നടത്തുവാനുള്ള കോത്തല യുവജനപ്രസ്ഥാന അംഗങ്ങളുടെ ആഗ്രഹം തിരുമേനി സന്തോഷപൂർവ്വം അംഗീകരിച്ചു. ഞങ്ങൾ പാമ്പാടി ദയറായിൽ എത്തി തിരുമേനിയെ കണ്ടു. ആദ്യത്തെ ചോദ്യം ജോമിൻ ചോദിച്ചു.

**‘പരിശുദ്ധ പാമ്പാടി തിരുമേനിയുടെയും അതുല്യ വ്യക്തിത്വങ്ങളും പ്രഗത്ഭരുമായിരുന്ന പാറേട്ട് തിരുമേനിയുടെയും ഗീവറുഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെയും പിൻഗാമിയായി കോട്ടയം ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്തപ്പോൾ എന്താണ് അങ്ങയുടെ മനസ്സിൽ തോന്നിയത്?”**

കോട്ടയം ഭദ്രാസനത്തിന്റെ ചുമതല വഹിച്ച പ്രഗത്ഭരും ഭക്തരുമായിരുന്ന മെത്രാപ്പോലീത്താമാരുടെ ഒരു നീണ്ടനിരയെ നമുക്കു കാണാനാവും. അവരുടെ പിൻഗാമിയായി ആ ചുമതല നിർവഹിക്കാൻ നിയുക്തനാവുക എന്നത് ബുദ്ധികൊണ്ടോ യുക്തികൊണ്ടോ എനിക്ക് ഉൾക്കൊള്ളാൻ കഴിയുന്നതല്ല. മെത്രാൻ സ്ഥാനത്തേക്ക് ഞാൻ വിളിക്കപ്പെട്ടതുപോലെ ഇതും ദൈവിക പദ്ധതിയുടെ ഭാഗമായി ഞാൻ കാണുന്നു. ദൈവികപദ്ധതിയുടെ ഭാഗമായി നാം നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ വ്യക്തിപരമായ നമ്മുടെ പരിമിതികളെപ്പറ്റി ആശങ്കപ്പെടുകയല്ല, പ്രാർത്ഥനാപൂർവ്വം ആ നിയോഗത്തിനായി നമ്മെത്തന്നെ സമർപ്പിക്കുക മാത്രമാണ് കരണീയം.

രണ്ടാമത്തെ ചോദ്യം ജസ്റ്റിന്റേതായിരുന്നു.

**സഭാപിതാക്കന്മാർ രാഷ്ട്രീയത്തിൽ ഇടപെടുന്നതിനെപ്പറ്റി തിരുമേനിയുടെ അഭിപ്രായം?**

രാഷ്ട്രീയം എന്ന വാക്കിന്റെ നിർവചനം പരമ പ്രധാനമാണ്. രാഷ്ട്രത്തെ ബാധിക്കുന്ന കാര്യങ്ങളാണ് രാഷ്ട്രീയം എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ കക്ഷി രാഷ്ട്രീയത്തിന്റെ സങ്കുചിതത്വത്തെപ്പറ്റിയാണ് നാം പെട്ടെന്ന് ഓർക്കുക. അതിൽ സഭ ഇടപെടേണ്ടതില്ല. എന്നാൽ നീതി, ധർമ്മം എന്നിവ അടിസ്ഥാനപ്പെടുത്തി രാഷ്ട്രകാര്യങ്ങളിൽ അഭിപ്രായപ്രകടനം നടത്തേണ്ടത് നമ്മുടെ ചുമതലയാണ്.

ഇന്നു നാം കാണുന്നത് വിലപേശൽ രാഷ്ട്രീയമാണ്. ജാതിയുടെയും സമുദായത്തിന്റെയും പേരുപറഞ്ഞ് തങ്ങൾക്ക് ഇത്രസീറ്റ് വേണമെന്ന രീതിയിലുള്ള വാദങ്ങൾ നന്നല്ല. കേരളനിയമസഭയിൽ ആകെ ഉള്ളത് 140 സീറ്റുകളാണ്. അതിൽ കൂടുതൽ ജാതി-മത-സഭാ വിഭാഗങ്ങൾ ഇവിടെയുണ്ട്. എല്ലാവരും പ്രാതിനിധ്യത്തിനുവേണ്ടി ബലം പിടിക്കുന്നതിൽ അർത്ഥമില്ല.

ചില സമുദായങ്ങളും സഭകളും പരസ്യമായി വിലപേശുകയും രഹസ്യമായി കാര്യം കാണുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. രണ്ടും നന്നല്ല. നല്ല വ്യക്തികൾ രാഷ്ട്രീയത്തിൽ വളർന്നുവരുന്നതിനെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്.

മൂന്നാമത്തെ ചോദ്യം ജിതിന്റേതായിരുന്നു.

**അടുത്തകാലത്ത് പോളിക്കർപ്പോസ് തിരുമേനി മുൻകൈയെടുത്ത് പള്ളിയുടെ സ്ഥലം ക്ഷേത്രത്തിനു വിട്ടുകൊടുത്ത വാർത്ത കണ്ടു. ഇതേപ്പറ്റി തിരുമേനിയുടെ അഭിപ്രായം എന്താണ്?**

തീർച്ചയായും മതസഹിഷ്ണുതയും സൗഹാർദ്ദവും വർദ്ധിപ്പിക്കുന്നതിനും സമൂഹത്തിൽ വിവിധ വിഭാഗങ്ങൾ തമ്മിൽ ഒത്തൊരുമയോടെ പ്രവർത്തിക്കുന്നതിനും അവസരമൊരുക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ ഏറെ അഭികാമ്യമാണ്. ലോകത്ത് പല സ്ഥലങ്ങളിലും ജാതിമതസമൂഹങ്ങൾ തമ്മിൽ സംഘർഷങ്ങൾ നടക്കുമ്പോഴും കേരളത്തിൽ അതൊരിക്കലും സംഭവിക്കാത്തത് ഇവിടെയുള്ള സഹിഷ്ണുതയുടെ പാരമ്പര്യം എല്ലാ സമൂഹങ്ങളും ഉൾക്കൊള്ളുന്നതുകൊണ്ടാണ്.

ചെറുപ്പകാലത്ത് ലഭിച്ച ഇതരമതസ്ഥരുമായി ഇഴുകിച്ചേർന്നുള്ള സാമൂഹ്യജീവിതത്തിന്റെ അനുഭവങ്ങൾ ഞങ്ങളുടെയൊക്കെ ജീവിതത്തിന്റെ ചാലകശക്തിയാണ്. നമ്മുടെ സമൂഹം തീർച്ചയായും അങ്ങനെ തന്നെ മുമ്പോട്ടു പോവണം.

അപ്പോൾ അല്ലു ചോദിച്ചു

**“ഇതരമതസ്ഥരോടുള്ള ഈ നല്ല സമീപനം നമ്മുടെ സഹോദരങ്ങളായ യാക്കോബായക്കാരോടു വേണ്ടേ?”**

തീർച്ചയായും അവരോട് അതിലുമധികം സൗഹാർദ്ദപൂർണ്ണമായ സമീപനമാണു വേണ്ടത്. കാരണം, അവർ നമ്മുടെ സഹോദരങ്ങളാണല്ലോ.

യാക്കോബായക്കാരുമായി നമുക്കുള്ള കേസുകൾ സ്വത്തുതർക്കമാണെന്നു തെറ്റായി പ്രചരിക്കപ്പെടുന്നതാണ്. സഭയുടെ സ്വാതന്ത്ര്യത്തിന്റെയും അഭിമാനത്തിന്റെയും നിലനിൽപ്പിന്റെയും നിലപാടുകളാണ് കേസുകൾക്ക് കാരണമാകുന്നത്. സ്വത്ത് വീതം വച്ചുകൊടുത്താൽ പ്രശ്നം തീരുന്നിടത്ത് അങ്ങനെ ചെയ്യാറുണ്ട്. ഓർത്തഡോക്സ് സഭയുടെ നിലപാടുകൾ ശരിയാണെന്ന് ഇന്ന് യാക്കോബായ പക്ഷത്തിനും ബോധ്യപ്പെട്ടുവരുന്നു. നമ്മുടെ നിലപാടുകൾ തങ്ങൾക്കും ആത്യന്തികമായി ഗുണം ചെയ്യുമെന്ന് ഇന്ന് അവർക്ക് മനസ്സിലായി തുടങ്ങിയിട്ടുണ്ട്.


**“തിരുമേനീ, നമ്മൾ ഇവിടെ സുരക്ഷിതത്വത്തിന്റെ മതിൽക്കെട്ടിനുള്ളിൽ ഇരുന്നുകൊണ്ട് നീതിയെയും സ്വാതന്ത്ര്യത്തെപ്പറ്റിയും വാചാലരാവുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ പ്രധാന കേന്ദ്രമായിരുന്ന മദ്ധ്യപൗരസ്ത്യ ദേശങ്ങളിൽ നിന്ന്-ഇറാനിലും ഇറാക്കിലും തുർക്കിയിലും സിറിയയിലും എല്ലാം ഇവർ ഉന്മൂലനം ചെയ്യപ്പെടുന്നു. നമുക്കതിൽ വേദനയില്ലേ, നമുക്ക് ഒന്നും ചെയ്യാനില്ലേ?”**

ചോദ്യം സച്ചുവിന്റേത് ആയിരുന്നു.

തീർച്ചയായും ഉത്കണ്ഠയും വേദനയും പ്രവഹിക്കുന്ന വാർത്തകളാണ് അവിടെനിന്ന് ഓരോ നിമിഷവും ഉയരുന്നത്. രണ്ടു മെത്രാന്മാരെ തീവ്രവാദികൾ തട്ടിക്കൊണ്ടുപോയിട്ട് വർഷങ്ങൾ കഴിഞ്ഞു. അടുത്ത കാലത്ത് ലിബിയയിൽ നിന്നും മലയാളി മിഷണറിയായിരുന്ന കത്തോലിക്കാ പുരോഹിതനെയും തീവ്രവാദികൾ തട്ടിക്കൊണ്ടുപോയതിനു ശേഷം ഒരു വിവരവുമില്ല. മധ്യപൗരസ്ത്യദേശങ്ങളിലെ ക്രിസ്ത്യാനികൾ അവശേഷിച്ചിരുന്നവരും ഇതര രാജ്യങ്ങളിലേക്ക് കുടിയേറിക്കൊണ്ടിരിക്കുന്നു. അന്യദേശങ്ങളിൽ നടക്കുന്ന ഇത്തരം കാര്യങ്ങളിൽ നമുക്ക് ചെയ്യാവുന്നതിനു പരിമിതികളുണ്ട്. അവർക്കുവേണ്ടി നാം നിരന്തരമായി പ്രാർത്ഥിക്കണം.

**“തുർക്കിയിൽ തന്നെ രണ്ടായിരത്തിലധികം ദയറാകൾ ഉണ്ടായിരുന്നു. മറ്റു രാജ്യങ്ങളിലും അവയ്ക്കു കുറവൊന്നുമില്ലായിരുന്നു. അവിടെനിന്ന് ഇടവിടാതെ പ്രാർത്ഥനകളും ഉയരുന്നുണ്ടായിരുന്നു. പക്ഷേ,**

**(ശേഷം രണ്ടാം പേജിൽ)**



**മലങ്കരസഭയുടെ യുവജനങ്ങൾക്ക് അഭിമാനത്തോടെ പറയാം ഈ പിതാവാണ് ഞങ്ങളെ നയിക്കുന്നത്**



അമ്പലത്തിലേയ്ക്കുള്ള വഴിയുടെ വീതി കൂട്ടാൻ പള്ളിവക സ്ഥലം സൗജന്യമായി നൽകിയ യൂഹാനോൻ മാർ പോളിക്കാർപ്പോസ് തിരുമേനിക്ക് കോത്തല സെഹിയോൻ യുവജനപ്രസ്ഥാനത്തിന്റെ അഭിവാദ്യങ്ങൾ.



**പ്രദക്ഷിണം ടീം മെത്രാപ്പോലീത്തായ്ക്കൊപ്പം**




**ദേശത്തിന്റെ കാവൽപിതാക്കന്മാരായ പന്തിരു ശ്ലീഹന്മാരേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ**

# ദീയസ്കോറോസ് തിരുമേനിക്ക് ഒപ്പം അൽപ്പനേരം...

(ഒന്നാം പേജിൽ നിന്നും)

**ഇന്ന് ആ ദയറാകളെല്ലാം തകർക്കപ്പെടുകയോ നിശ്ചലമാക്കപ്പെടുകയോ ചെയ്തു. പ്രാർത്ഥനയ്ക്കപ്പുറം നമുക്കൊന്നും ചെയ്യാനില്ലേ?"**

ക്രൈസ്തവ സഭയ്ക്ക് എക്കാലത്തും പീഡനങ്ങളുണ്ടായിട്ടുണ്ട്. അവയെ പ്രാർത്ഥനകൊണ്ടാണ് സഭ നേരിട്ടതും. എന്നാൽ ഈ കാലത്തെ സാഹചര്യങ്ങളെ വ്യത്യസ്തമായി തന്നെ കാണണം. ഇന്നത്തെ തീവ്രവാദത്തിന്റെ ഉത്ഭവവും വളർച്ചയും അതിന്റെ പരിണിതിയും ഭവിഷ്യത്തുകളുമെല്ലാം നാം പഠിച്ചു വിലയിരുത്തണം. അതിനെ എങ്ങനെ നേരിടണം എന്നു പ്രാർത്ഥനാപൂർവ്വം കണ്ടെത്തണം. ഒരു കാര്യം നാം പ്രത്യേകം ഓർക്കണം. പുറമെ നിന്നുള്ള ശത്രുക്കളെ നേരിടുന്നതു പോലെ പ്രധാനമാണ് സഭയ്ക്കുള്ളിൽ നിന്നും ഉണ്ടാവുന്ന ദുഷ്പ്രവണതകളെ അതിജീവിക്കുന്നതും.

**സ്ത്രീകൾക്ക് കമ്മിറ്റികളിലും മറ്റും സംവരണം ഏർപ്പെടുത്തുന്നതിനെപ്പറ്റിയുള്ള അഭിപ്രായം?**

ചോദ്യം റെനിമോളുടേതായിരുന്നു.

സ്ത്രീകൾക്ക് തീർച്ചയായും കൂടുതൽ പരിഗണന സഭാഭരണകാര്യങ്ങളിൽ ഉണ്ടാവണം. അമ്മമാരുടെ വിശ്വാസമാണ് സഭയെ നിലനിർത്തുന്നതും വളർത്തുന്നതുമെന്നു നാം എപ്പോഴും ഓർക്കണം.

സ്ത്രീകൾക്ക് സഭാകാര്യങ്ങളിൽ ഇപ്പോൾ തീർച്ചയായും മുൻകാലങ്ങളിലേക്കാൾ പരിഗണന ഉണ്ട്. ഇന്ന് പൊതുയോഗങ്ങളിലും ഭരണസമിതികളിലും അംഗമാകാനുള്ള അർഹത അവർക്കുണ്ട്. അത് നിർബന്ധിത സംവരണത്തിലേക്ക് വരണമോയെന്നത് ആലോചിച്ച് തീരുമാനിക്കണം.

മുമ്പ് മാമോദീസാ കഴിഞ്ഞ് പെൺകുട്ടികളെ മദ്ബഹായിൽ കൊണ്ടുപോകുകയില്ലായിരുന്നു. ഇന്നതിനു മാറ്റം വന്നു. അതുപോലെ ശുശ്രൂഷയിൽ പഴയനിയമ വായനയ്ക്ക് അവർക്ക് അവസരം നൽകുന്നുണ്ട്. ഇവയെല്ലാം കൂടുതൽ മാറ്റങ്ങളിലേക്കുള്ള തുടക്കം മാത്രമാണ്.

**സഭാപിതാക്കന്മാരുടെ ചിത്രങ്ങൾ ഫ്ളക്സുകളാക്കി ബസ്സ്റ്റാൻഡിൽ സിനിമാ പോസ്റ്ററുകൾക്കൊപ്പം പ്രദർശിപ്പിക്കുന്നത് ഇന്ന് പതിവുകാഴ്ചയായിരിക്കുന്നു. ഇതേപ്പറ്റി അങ്ങ് എന്തു പറയുന്നു?**

അലൻ തോമസ് ചോദിച്ചു.

തീർച്ചയായും ഒഴിവാക്കേണ്ടതാണത്. പെരുന്നാളുകളിലും മറ്റും പബ്ലിസിറ്റികൊണ്ട് ആളു വരേണ്ടതില്ല. ആധുനിക പ്രവണതകൾ നമ്മെയും സ്വാധീനിക്കുന്നു. വിവേചനപൂർവ്വം



വിവേകപൂർവ്വം വേണം നമ്മുടെ ആഘോഷങ്ങളുടെയും പെരുന്നാളുകളുടെയും നടത്തിപ്പുകൾ.

**ഇന്നു നമ്മുടെ സഭ നേരിടുന്ന പ്രതിസന്ധികൾ എന്താണ്?**

ചോദ്യം ബിയാ മോളുടേതായിരുന്നു.

സഭാകേസുകൾ വലിയ പ്രതിസന്ധി തന്നെയാണ്. കുടുംബജീവിതത്തിൽ വരുന്ന താളപ്പിഴകളും വർദ്ധിച്ചുവരുന്ന വിവാഹമോചനങ്ങളും വലിയ പ്രതിസന്ധിയാണ്. സഭാകാര്യങ്ങളിൽ പുതുതലമുറയിലെ ഒരു വിഭാഗത്തിനെങ്കിലും ഉണ്ടാവുന്ന താല്പര്യക്കുറവും പ്രതിസന്ധിയാണ്. വിശദമായി ചർച്ച ചെയ്യേണ്ട പ്രശ്നങ്ങളാണ് ഇവയെല്ലാം.

**സോഷ്യൽ മീഡിയയിൽ കണ്ണുനട്ടിരിക്കുന്ന പുതുതലമുറയോട് തിരുമേനിക്ക് എന്താണ് പറയാനുള്ളത്?**

സോഷ്യൽ മീഡിയയെ ഗുണപരമായി കാണാനാണ് എനിക്കിഷ്ടം. നമ്മുടെ ആരാധനയും സഭാചരിത്രവുമെല്ലാം ഉൾപ്പെടുത്തിയ മൊബൈൽ ആപ്ലിക്കേഷൻ തയാറാക്കുന്നതിനു മദ്രാസ് ഭദ്രാസനത്തിലെ യുവജനങ്ങൾക്കൊപ്പം നിന്നു പ്രവർത്തിക്കാൻ കഴിഞ്ഞത് ഏറെ സന്തോഷകരമായ അനുഭവമാണ്. ഇന്ന് അനേകം യുവാക്കൾ അത് പ്രയോജനപ്പെടുത്തുന്നു.

എന്നാൽ സോഷ്യൽ മീഡിയയെ വകതിരിവോടുകൂടി ഉപയോഗിച്ചില്ലെങ്കിൽ അത് നമ്മുടെ വ്യക്തിത്വത്തെയും ജീവിതത്തെയും തകർക്കുക തന്നെ ചെയ്യും. അതിനാൽ ജാഗ്രത പാലിക്കുക എന്നതാണ് എനിക്കു പറയാനുള്ളത്.

സഭയോടും വിശ്വാസത്തോടും വേദപുസ്തകത്തോടും ബന്ധപ്പെടുത്തി കുഞ്ഞുങ്ങളെ വളർത്തുക മാത്രമാണ് എല്ലാറ്റിന്റെയും പ്രതിവിധി. അതിനുള്ള പരിശ്രമവും കുടുംബങ്ങളിലെല്ലാം ഉണ്ടാവണം.

കേവലം ഏതാനും ചോദ്യങ്ങൾ ചോദിച്ച് ഇരുപതു മിനിറ്റുകൊണ്ട് പൂർത്തിയാക്കാവുന്ന സംഭാഷണത്തിനായാണ് ഞങ്ങൾ പാമ്പാടി ദയറായിൽ എത്തിയത്. എന്നാൽ ഏതാണ്ടു രണ്ടു മണിക്കൂറോളം നേരം തിരുമേനി ഞങ്ങൾക്കായി മാറ്റിവച്ചു.

സഭ ഇന്നു ഇടപെടുന്ന എല്ലാ വിഷയങ്ങളെപ്പറ്റിയും തിരുമേനി സംസാരിച്ചു. യുവാക്കളിലൂടെ സഭയ്ക്ക് കൈവരേണ്ടത് പുതിയ കാലഘട്ടം നൽകുന്ന പ്രശ്നങ്ങളുടെയും പ്രതിബന്ധങ്ങളുടെയും പരിഹാരമാണെന്നു അദ്ദേഹം ഉദ്ബോധിപ്പിച്ചു.

സഭയുടെ പേരിൽ പ്രസ്താവനകൾ ഇറക്കുന്നവരെയല്ല, സഭാസ്വാധീനം വ്യക്തിപരമായ നേട്ടങ്ങൾക്കുവേണ്ടി ദുർവിനിയോഗം ചെയ്യുന്നവരെയുമല്ല യുവജനങ്ങൾ പിൻതുടരുവാൻ ആഗ്രഹിക്കുന്നതെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ അദ്ദേഹം അതിനോടു യോജിച്ചു.

പ്രസംഗങ്ങളിലൂടെ ജനങ്ങളെയും സമൂഹത്തെയും സ്വാധീനിക്കാവുന്ന കാലം കഴിഞ്ഞു. നമ്മുടെ പ്രവർത്തനങ്ങൾക്കും സമീപനങ്ങൾക്കുമാണ് സമൂഹത്തെ സ്വാധീനിക്കാനാവുക. ഓരോ ചുവടുവെയ്പിലും, യഥാർത്ഥ ക്രൈസ്തവ ആത്മീയതയിൽ അടിയുറച്ചു മുന്നോറാനുള്ള തിരുമേനിയുടെ ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് കൂടുതൽ ചർച്ചകൾക്കായി മറ്റൊരു കൂടിക്കാഴ്ചയ്ക്ക് എത്താമെന്ന ഉറപ്പിലാണ് ഞങ്ങൾ പൊത്തൻപുറം ദയറായിൽ നിന്ന് തിരിച്ചിറങ്ങിയത്. ❑

# പ്രദക്ഷിണം പിന്നിട്ട വഴികളിലൂടെ ഒരു യാത്ര

**മോൻസൺ കുര്യൻ തറക്കുന്നേൽ**

മലങ്കരസഭയിലെ ചിന്തിക്കുന്ന യുവജന പ്രസ്ഥാനമായ കോത്തല സെഹിയോൻ യുവജനപ്രസ്ഥാനത്തിന്റെ സഭയ്ക്കും, സമൂഹത്തിനും, ദേശത്തിനുമുള്ള പുതിയ നൂറ്റാണ്ടിലെ ആദ്യ സമ്മാനം - പ്രദക്ഷിണം.

കോട്ടയം ഭദ്രാസനത്തിലെ ഏറ്റവും മികച്ച യുവജനപ്രസ്ഥാനത്തിനുള്ള അവാർഡ് രണ്ടാം വട്ടവും നമ്മുടെ യുവജനപ്രസ്ഥാനം കരസ്ഥമാക്കിയ 2000-2001 വർഷത്തിൽ സ്വന്തമായി ഒരു പ്രസിദ്ധീകരണം നമുക്കും വേണമെന്ന ചിന്ത പ്രസ്ഥാനം പ്രവർത്തകർക്കുണ്ടായി. പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകരായിരുന്ന നാലു യുവാക്കളുടെ വിവാഹം 2000 ഡിസംബർ 25-നും 2001 ജനുവരി 10-നുമിടയിൽ നടത്തപ്പെട്ടു. ഇവർക്കുള്ള വിവാഹ മംഗളാശംസകളോടെ പെരുന്നാൾ ദിനത്തിൽ പ്രസിദ്ധീകരണം പ്രകാശനം ചെയ്യുന്നതിന് യുവജനപ്രസ്ഥാനം തീരുമാനിച്ചു.

പ്രസിദ്ധീകരണത്തിന് നിർദ്ദേശിക്കപ്പെട്ട പേരുകളിൽ നിന്നും ശ്രീ. ഏലിയാസ് കണ്ണന്താനം നിർദ്ദേശിച്ച 'പ്രദക്ഷിണം' എന്ന പേര് പത്രാധിപ സമിതി ഐകകണ്ഠേന അംഗീകരിച്ചു. വിവാഹിതരായ പ്രസ്ഥാനം പ്രവർത്തകരുടെ ആശംസകളിൽ നിന്നുള്ള പ്രതിഫലം മാത്രം ഉപയോഗിച്ച്, യാതൊരുവിധ സാമ്പത്തികനേട്ടങ്ങളും പ്രതീക്ഷിക്കാതെ, പ്രസ്ഥാനത്തിന് യാതൊരു ബാധ്യതയും വരുത്താതെ ആദ്യ ലക്കം പെരുന്നാൾ ദിനത്തിൽ 2001 ജനുവരി 26-നു ഭംഗിയായി പുറത്തിറങ്ങി. മലങ്കരസഭയെക്കുറിച്ചുള്ള യുവാക്കളുടെ ദർശനവും സ്വപ്നങ്ങളും സൈബർ ലോകത്തേയ്ക്കുള്ള ചുവടുവയ്പും അട്ടപ്പാടിയിലേക്കുള്ള രസകരമായ യാത്രാവിവരണവും ആദ്യ ലക്കത്തിലെ സവിശേഷതകൾ ആയിരുന്നു. പ്രതീക്ഷിച്ചതിലും മികച്ച പ്രതികരണങ്ങളായിരുന്നു ആദ്യ ലക്കത്തിന് ലഭിച്ചത്. ഇതിൽ നിന്നുള്ള ഊർജ്ജവുമായി 'പ്രദക്ഷിണം' രണ്ടാം ലക്കത്തിന്റെ പ്രകാശനം 2001 മെയ് 26-നു യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന വാർഷിക സമ്മേളനവേദിയിൽ ഇടവക മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഈവാനിയോസ് നിർവഹിച്ചു. 'പ്രദക്ഷിണം' പ്രഥമ മാനേജിംഗ് എഡിറ്ററായിരുന്ന മുൻ വികാരി ഫാ. തോമസ് വർഗീസ് കാവുങ്കൽ ആദ്യ പ്രതി ഏറ്റുവാങ്ങി. 'പ്രദക്ഷിണം' ഇടവകതലത്തിൽ നിന്നും സഭാതലത്തിലേയ്ക്ക് യാത്രയാവുകയായിരുന്നു. വേൾഡ് ട്രേഡ് സെന്ററിൽ നടന്ന ഭീകരാക്രമണത്തെ അപലപിച്ചുകൊണ്ട് 'പ്രദക്ഷിണം' മൂന്നാം ലക്കം 2001 സെപ്റ്റംബർ മാസത്തിൽ പ്രസിദ്ധീകരിച്ചു. സിറിയൻ ഓർത്തഡോക്സ് സഭയിലെ സീനിയർ മെത്രാപ്പോലീത്തായും മലബാർ ഭദ്രാസനാധിപനുമായ യൂഹാനോൻ മാർ പീലക്സീനോസ് (ഇക്കഴിഞ്ഞ ഡിസംബർ 29-നു കാലം ചെയ്തു) മെത്രാപ്പോലീത്തായുമായുള്ള അഭിമുഖം ആയിരുന്നു ഈ ലക്കത്തിന്റെ മുഖ്യ ആകർഷകത്വം. സഭ യോജിച്ചിരുന്ന കാലഘട്ടത്തിൽ നമ്മുടെ ദേവാലയത്തിലെ വികാരി ആയിരുന്ന മെത്രാപ്പോലീത്തായോടുള്ള കോത്തലപള്ളിയുടെ ബന്ധം കുടുംബബന്ധം പോലെ തന്നെ ആയിരുന്നു. സഭാ സമാധാനത്തെക്കുറിച്ചും സഭയിൽ സ്ത്രീകളുടെ സ്ഥാനത്തെ സംബന്ധിച്ചുമൊക്കെ മെത്രാപ്പോലീത്താ പ്രദക്ഷിണം ടീമിനോട് ഉള്ളു തുറന്നു സംസാരിച്ചു. "പൗരോഹിത്യം സ്ത്രീകൾക്കും എന്ന ലേഖനം വിദേശത്തുള്ള ആരാധനാരീതികളെക്കുറിച്ച് കാനഡായിലെ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച് വികാരി ഫാ. ജോർജ് ജോണുമായുള്ള സംവാദം, കഥ, കവിത, ക്വിസ്, സൈബർവേദി, ധ്യാനം, ചരിത്രം, വാർത്തകൾ തുടങ്ങി വൈവിധ്യമാർന്ന വിഭവങ്ങളോടെ 'പ്രദക്ഷിണം' മൂന്നാം ലക്കം ഗംഭീരമായിരുന്നു.

സഭയെയും അതിന്റെ ചലനങ്ങളെയും അകത്തും പുറത്തും അടുത്തും അകലെയും നിരീക്ഷിച്ചപ്പോൾ ലഭിച്ച അനുഭവങ്ങളും അറിവുകളുമായി 'പ്രദക്ഷിണം' അതിന്റെ പ്രയാണം ഭംഗിയായി തുടർന്നു. 'പ്രദക്ഷിണ'ത്തിന്റെ നേതൃത്വത്തിൽ 2002 ഒക്ടോബർ 13-നു നമ്മുടെ പള്ളിയിൽ വച്ച് സഭാ നവോത്ഥാനത്തിന് ക്രിയാത്മക ചർച്ചകളുമായി സഭാ വിചാരപത്രം സംഘടിപ്പിക്കപ്പെട്ടു. കാലികപ്രസക്തിയുള്ള വിവിധ പ്രശ്നങ്ങൾ അവതരിപ്പിക്കപ്പെട്ട വിജയപ്രദമായ ആ സമ്മേളനത്തിന് ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. കെ. എം. ജോർജ് മോഡറേറ്ററായിരുന്നു.

മലങ്കരസഭയുടെ പ്രേഷിതചൈതന്യമായ ഗീവർഗീസ് മാർ ഒസ്താത്തിയോസുമായുള്ള ഹൃദ്യമായ അഭിമുഖത്തോടെ പ്രദക്ഷിണം 2002 സെപ്റ്റംബർ ലക്കം പരുമല പെരുന്നാൾ ദിനത്തിൽ പരുമലയിൽ പുറത്തിറങ്ങി. ഇദംപ്രഥമമായി പരുമല തിരുമേനിയുടെ മുഖചിത്രത്തോടെ പ്രസിദ്ധീകരിച്ച പ്രസ്തുത ലക്കത്തിൽ സഭാ സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കലുമായുള്ള അഭിമുഖം ഉൾപ്പെടുത്തിയിരുന്നു. പ്രദക്ഷിണം സഭാതലത്തിൽ കൂടുതൽ പ്രവർത്തനങ്ങളിൽ മുഴുകിയപ്പോഴും ഇടവകയെ മറന്നില്ല. കോത്തല സെഹിയോൻ ഇടവകയുടെ സപ്തതി വർഷത്തിൽ 'സപ്തതി സ്മൃതി'യായി പ്രദക്ഷിണം പ്രസിദ്ധീകരിച്ചു. ഇടവകയിലെ ജീവിച്ചിരിക്കുന്ന വന്ദ്യ വയോധികരുമായി കൂടിക്കാഴ്ചകൾ നടത്തി അവർ പറഞ്ഞ കഥകളും, അറിവുകളും നുറുങ്ങുകളും നാട്ടറിവുകളുമായി പ്രത്യേക ലക്കം 2003 ജനുവരി 26-ന് പെരുന്നാൾ ദിനത്തിൽ പ്രകാശനം ചെയ്തു.

സഭയെപ്പറ്റിയുള്ള സാധാരണജനത്തിന്റെ ചിന്തകളും ആഗ്രഹങ്ങളും പ്രതിഫലിപ്പിക്കുന്ന പ്രദക്ഷിണത്തിന്റെ കുതിപ്പിന് 'പ്രദക്ഷിണം ഫ്രണ്ട്സ് ഫോറം' എന്ന കൂട്ടായ്മയുടെ തുടക്കം 2013-ലായിരുന്നു. സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന നല്ലവരായ സുഹൃത്തുക്കളുടെ പ്രേരണ ആയിരുന്നു പ്രസ്തുത ഉദ്യമത്തിന് നിദാനം ആയത്. 100 രൂപ മാത്രം സംഭാവന നൽകി ഫോറത്തിൽ അംഗങ്ങളാകുന്ന ഏവർക്കും എപ്പോഴെല്ലാം പ്രദക്ഷിണം പുറത്തിറങ്ങുന്നുവോ അപ്പോഴെല്ലാം ഒരു കോപ്പി എന്നതായിരുന്നു പ്രദക്ഷിണത്തിന്റെ വാഗ്ദാനം. പിന്നീട് 'പ്രദക്ഷിണം ഫ്രണ്ട്സ് ഫോറ'ത്തിന്റെ ഒത്തുചേരലുകൾ പലപ്പോഴായി നടന്നു.

(തുടരും)


## പത്രാധിപ സമിതി

**ഫാ. പി. സി. വറുഗീസ്**
(പ്രസിഡന്റ്)
സച്ചു ഷാജി എബ്രഹാം
(വൈസ് പ്രസിഡന്റ്)
ജോമിൻ കാഞ്ഞിരത്തുംമൂട്ടിൽ
(എഡിറ്റർ)
ജിതിൻ കുറിയാക്കോസ്
(യൂണിറ്റ് സെക്രട്ടറി)
ബിയാമോൾ വറുഗീസ്
ജസ്റ്റിൻ മാത്യു
റൂബൻ തോമസ് ലാൽ
അലൻ തോമസ്

# ഭൂമിയുടെ വേദന: മനുഷ്യന്റെയും

ഫാ. ഡോ. കെ. എം. ജോർജ്

പരിസ്ഥിതിയെക്കുറിച്ച് നമുക്കുണ്ടായിരിക്കുന്ന നവബോധം ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ചുള്ള അവബോധമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ആരംഭിച്ച ഈ ബോധോദയം ഇനി മായ്ച്ചു കളയാനാവാത്തവിധം മനുഷ്യരാശിയുടെ ചിന്തയിലും ലോകവീക്ഷണത്തിലും വേരൂന്നിക്കഴിഞ്ഞു. ക്രിസ്തീയ സഭകളുടെ ഔദ്യോഗിക വൃത്തങ്ങൾക്കു പുറത്താണ് പരിസ്ഥിതി ചിന്തയും പാരിസ്ഥിതിക നയങ്ങളും ആദ്യം രൂപപ്പെട്ടത്. പക്ഷേ, ഇപ്പോൾ ക്രിസ്തീയ സഭകളും ലോക കൗൺസിൽ (WCC) പോലെയുള്ള ആഗോള എക്യുമെനിക്കൽ സംഘടനകളും ഈ വീക്ഷണത്തിൽ ഗൗരവമായ ശ്രദ്ധ പതിപ്പിച്ചു തുടങ്ങിയിട്ടുണ്ട്.

മനുഷ്യവർഗ്ഗത്തിന്റെ തുടക്കം മുതൽ പ്രകൃതിയുമായുള്ള ജീവജാലങ്ങളുടെ ആഴമായ ബന്ധത്തെക്കുറിച്ച് വിവേകമുള്ള മനുഷ്യർക്ക് ഉൾബോധമുണ്ടായിരുന്നു. എന്നാൽ ശാസ്ത്ര – സാങ്കേതിക സംസ്കാരത്തിന്റെ ഉജ്ജ്വല നേട്ടങ്ങളുടെ നിറുകയിലാണ് പരിസ്ഥിതി ഒരു പ്രശ്നമായും പ്രതിസന്ധിയായും നമുക്ക് മുമ്പിൽ അവതരിച്ചത്. അപ്പോൾ മുതൽ നമ്മുടെ ചിന്തകൾ സാവബോധം പ്രാപിക്കുകയും മനുഷ്യനും പ്രകൃതിയും മറ്റു ജീവജാലങ്ങളും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധങ്ങളെക്കുറിച്ച് വിശകലനങ്ങളും പഠനങ്ങളും മനനങ്ങളും അതിസമൃദ്ധമായി ഉരുത്തിരിയുകയും ചെയ്തു.

അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തോട് ഇതിനെ ഉപമിക്കാമെന്നു തോന്നുന്നു. അമ്മയുടെ ശരീരത്തിന്റെ ഭാഗമായി, അമ്മയുടെ രക്തവും പ്രാണനും ജീവനും ഉൾക്കൊണ്ടാണ് ശിശു വളർന്നു തുടങ്ങുന്നത്. ജനനത്തിനു ശേഷവും വളരെ വർഷങ്ങളോളം അമ്മയും താനും തമ്മിലുള്ള ബന്ധത്തെ ബോധപൂർവ്വം തിരിച്ചറിയാനോ വിശദീകരിക്കാനോ കുട്ടിക്ക് സാദ്ധ്യമല്ല. അമ്മയുടെ സ്നേഹവും സംരക്ഷണവും കരുതലും ആവോളം അനുഭവിക്കുന്ന കുട്ടി ഒരിക്കലും അവയ്ക്കപ്പുറത്തേക്ക് ചിന്തിക്കുന്നേയില്ല. പ്രായപൂർത്തിയായിക്കഴിഞ്ഞാലും മിക്ക മനുഷ്യരും തങ്ങളുടെ അമ്മമാരോടുള്ള ബന്ധത്തെ 'ശാസ്ത്രീയമായി' വിശകലനം ചെയ്ത് 'വസ്തുനിഷ്ഠമായ' ഒരു നിർവചനം തേടാൻ ശ്രമിക്കുന്നില്ല. അമ്മയുടെ മുലപ്പാൽ വറ്റിയാലും മാതൃവാത്സല്യത്തിന്റെ അമൃതധാരയിൽ നിരന്തരം മുങ്ങിക്കുളിച്ചാണ് കുട്ടിയുടെ വ്യക്തിത്വം വികാസം പ്രാപിക്കുന്നത്.

എന്നാൽ അമ്മയ്ക്കു സംഭവിക്കുന്ന ഏതെങ്കിലും കഠിനമായ രോഗം കൊണ്ടോ, മരണം കൊണ്ടോ, അമ്മയുടെ സ്നേഹവും സാമീപ്യവും കുട്ടിയിൽ നിന്ന് പിൻവലിക്കപ്പെടുന്നു എന്ന് ചിന്തിക്കുക. അതിശക്തമായ മാനസികാഘാതം അത് കുട്ടിയിൽ സൃഷ്ടിക്കുന്നു. ആ നിമിഷം മുതൽ കുട്ടിയുടെ ചിന്തകളും സങ്കീർണ്ണമായ ബൗദ്ധിക - വൈകാരിക വ്യാപാരങ്ങളും അമ്മയെന്ന അദ്ഭുത പ്രതിഭാസത്തെക്കുറിച്ച് ബോധപൂർവ്വമായ അന്വേഷണങ്ങൾ തുടങ്ങുന്നു (പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജീവിതത്തിൽ ഇങ്ങനെ ഒരനുഭവമുണ്ട്. പതിമൂന്ന് വയസ്സായ ബാലന് താൻ ഏറ്റവും സ്നേഹിക്കുന്ന തന്റെ അമ്മയുടെ വാത്സല്യവും സാമീപ്യവും പൊടുന്നനെ പിൻവലിക്കപ്പെട്ടപ്പോൾ ഉണ്ടായ മാനസിക സംഘർഷവും സംഭ്രമവും തന്റെ ആത്മകഥയിൽ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്).

ഭൂമി അഥവാ സൃഷ്ടി, മുഴുവൻ മനുഷ്യന്റെ അമ്മയാണ്. ഈ അമ്മയുടെ ഉദരത്തിൽ നിന്നാണ് നാമും സകല ജീവജാലങ്ങളും ഉരുത്തിരിയുന്നത്. ഈ പ്രകൃതിയാകുന്ന അമ്മയുടെ മടിത്തട്ടിലാണ് നാം കളിച്ചുല്ലസിച്ച് ജീവിക്കുന്നത്. പക്ഷേ, നാം ഇത് ബോധപൂർവ്വം തിരിച്ചറിയുന്നില്ല. സാധാരണഗതിയിൽ ഇതറിയേണ്ട ആവശ്യമില്ല.

എന്നാൽ ഭൂമാതാവ് പെട്ടെന്ന് കഠിനമായ രോഗത്തിന് അടിപ്പെടുകയോ ഭ്രാന്തമായ അവസ്ഥയിലെത്തുകയോ ചെയ്താൽ, മനുഷ്യരും എല്ലാ ജീവജാലങ്ങളും സംഭ്രാന്തരാകുന്നു. നമ്മുടെ വേരുകൾക്ക് ഓടാൻ മണ്ണില്ലെന്നും നമുക്ക് സ്വസ്ഥമായി ഇരിക്കാൻ മടിത്തട്ടില്ലെന്നുമുള്ള അറിവ് നമ്മെ പെട്ടെന്ന് ബോധവാന്മാരാക്കുന്നു. പുതിയ അന്വേഷണങ്ങളും പഠനങ്ങളും പ്രവർത്തനശൈലികളും ഉരുത്തിരിയുന്നു.



ഇങ്ങനെ ഒരു പ്രതിസന്ധിയിലാണ് ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയിൽ മനുഷ്യൻ പാരിസ്ഥിതിക ബോധം പ്രാപിച്ചത്. നമ്മുടെ അമ്മയായ ഭൂമി രോഗഗ്രസ്തയായിരിക്കുന്നു. ഇനി നമുക്ക് വാത്സല്യം ചുരത്താനും നമ്മെ കരുതാനും അമ്മയ്ക്ക് കഴിവില്ല. അമ്മ മരിച്ചുവെന്നു തന്നെ കരുതി 'ഭൂമിയ്ക്കൊരു ചരമഗീതം' പാടുന്ന ക്രാന്തദർശികളായ കവികളും നമുക്കുണ്ട്.

അപ്പോൾ പാരിസ്ഥിതിക പ്രതിസന്ധി ഒരു അക്കാദമിക് വിഷയം മാത്രമല്ല. നമ്മുടെ ജീവന്റെ നിലനിൽപിന്റെയും ആരോഗ്യകരമായ വളർച്ചയുടെയും പ്രശ്നമാണ്. ദൈവത്തിന്റെ മഹനീയമായ ആദ്യ സൃഷ്ടി, പാപം മൂലം ജീർണ്ണിച്ചു തുടങ്ങിയ സൃഷ്ടിയെ ദൈവം തന്റെ ഏകജാതനായ പുത്രൻ മൂലം വീണ്ടെടുക്കുന്നത്, സർവ്വാഭരണവിഭൂഷിതയായ മണവാട്ടിയെപ്പോലെ തന്റെ സൃഷ്ടിയെ ദൈവം വീണ്ടും തേജസിനിയാക്കുന്നത് തുടങ്ങിയ കാര്യങ്ങളെല്ലാം ക്രിസ്തീയ പാരമ്പര്യത്തിൽ വിവിധ രൂപങ്ങളിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. ദൈവസൃഷ്ടിയെ അതിന്റെ പൂർവ്വിക സൗന്ദര്യത്തിലേക്ക് ആനയിക്കുകയെന്ന ധർമ്മമാണ് പാരിസ്ഥിതിക പ്രവർത്തനങ്ങളിലൂടെ നാം ഏറ്റെടുക്കുന്നത്. ചുരുക്കത്തിൽ സൃഷ്ടിയുടെ രക്ഷയ്ക്കുവേണ്ടി, സ്രഷ്ടാവിനോടു നാം സഹകരിക്കുകയാണ്.

ആധുനിക ലോകത്തിന്റെ വികസനത്വരയും നമ്മുടെ പാരിസ്ഥിതിക താല്പര്യങ്ങളും തമ്മിൽ ചേരുക പ്രയാസമാണ്. കാരണം നമ്മുടെ ഇപ്പോഴത്തെ മിക്ക വികസനമാതൃകകളിലും ജനക്ഷേമത്തേക്കാൾ ഉപരിയായി വമ്പൻ ശക്തികളുടെ സ്വാർത്ഥതാല്പര്യങ്ങൾ, മനുഷ്യരുടെ സുഖഭോഗാന്വേഷണം, ലാഭക്കൊതി, അധികാരമോഹം എന്നിവയാണ് നിർണ്ണായക ഘടകങ്ങൾ. മാധ്യമങ്ങളെ വിശ്വസിക്കാമെങ്കിൽ കൊക്കകോള കമ്പനിയും പ്ലാച്ചിമടയിലെ പാവപ്പെട്ട ഗ്രാമീണരും തമ്മിൽ ഉണ്ടായിരിക്കുന്ന സംഘർഷം നല്ല ഉദാഹരണമാണ്. ഭൂമിക്കടിയിൽ ഊറി വരുന്ന കുടിവെള്ളം മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും ജീവൻ നിലനിർത്താൻ അത്യന്താപേക്ഷിതമാണ്. അത് ആഗോളഭീമനായ ഒരു അമേരിക്കൻ കമ്പനി ഊറ്റിയെടുത്ത് സുഖഭോഗപാനീയമാക്കി വൻ ലാഭമുണ്ടാക്കിയാൽ, നമുക്കും ഭൂമിക്കും എന്തു സംഭവിക്കുന്നു എന്നതാണ് ചോദ്യം.

വായു, വെള്ളം, വെളിച്ചം, മണ്ണ്, ആകാശം എന്നീ പഞ്ചഭൂതങ്ങൾ മനുഷ്യരുടെയും സകല ജീവജാലങ്ങളുടെയും പൊതുസമ്പത്താണ്. ജീവനെ ഇവിടെ നിലനിർത്തുന്നത് ഇവയാണ്. ഈ പൊതുവകയെ സ്വകാര്യവൽക്കരിക്കാൻ ആർക്കും അവകാശമില്ല. നിർഭാഗ്യവശാൽ ഈ സ്വകാര്യവൽക്കരണം അതിവേഗം നടന്നുകൊണ്ടിരിക്കയാണ്. ജീവൻ നിലനിർത്താനാവശ്യമായ വെള്ളവും വായുവും സ്വകാര്യ കമ്പനികളുടെ കുപ്പികളിലേ ഇനി ലഭിക്കുകയുള്ളു എന്നു വന്നാൽ നമ്മുടെ അമ്മയായ ഭൂമി അത്യാസന്നനിലയിലാണ് എന്നർത്ഥം. നമ്മുടെ പാടങ്ങൾ നികത്തപ്പെടുന്നത് പാവപ്പെട്ടവന് ഒരു തുണ്ട് ഭൂമിയുണ്ടാക്കി കുടിൽ വയ്ക്കാനല്ല, വൻ പണക്കാർക്ക് കൂടുതൽ ലാഭമുണ്ടാക്കാനുള്ള 'കോംപ്ലക്സു'കൾ പണിയാനാണ്. നമ്മുടെ നദികളിൽ മണലിനുവേണ്ടി കുഴി തോണ്ടുന്നത്, നമ്മുടെ അമ്മയുടെ കുഴിതോണ്ടലാണ്. വനങ്ങൾ നശിപ്പിക്കപ്പെടുന്നത് തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുവാനല്ല, രാഷ്ട്രീയക്കാരുടെയും മതനേതാക്കളുടെയും വൻ മുതലാളിമാരുടെയും സ്വാർത്ഥതാല്പര്യങ്ങൾ സംരക്ഷിക്കാനാണ്.

ഇപ്പോൾ നമ്മുടെ നഗരങ്ങളിലും നഗരപ്രാന്തങ്ങളിലും കാണുന്ന വികസനം തെറ്റായ ഒരു മാതൃകയാണ് അവലംബിച്ചിരിക്കുന്നത്. നിലനിൽക്കുന്ന (Sustainable) മനുഷ്യക്ഷേമത്തെ സൃഷ്ടിക്കാൻ അതിനു കഴിവില്ല, എന്നു മാത്രമല്ല, ഇഞ്ചിഞ്ചായി പ്രകൃതിയെയും ജീവനെയും അത് നശിപ്പിക്കുകയാണ്. മനുഷ്യന്റെ സ്വാഭാവികമായ ആഗ്രഹങ്ങളെ അത്യാഗ്രഹമായും സകലത്തെയും വിഴുങ്ങുന്ന ബുഭുക്ഷയായും പരിവർത്തനം ചെയ്യുന്ന ഒരു സംസ്കാരത്തെയാണ് അത് സൃഷ്ടിക്കുന്നത്.

ഇവിടെ ഒരു പുതിയ മാനവസംസ്കാരത്തിനു വേണ്ടിയുള്ള പണിപ്പുരയിലേക്ക് നാം പ്രവേശിക്കണം. 'പൊതുവകയെക്കുറിച്ചുള്ള പരിശുദ്ധമായ ഒരു സമീപനവും ഭൂമിയോടും പ്രകൃതിയോടുമുള്ള ആഴമായ ആദരവും മനുഷ്യർ തമ്മിൽ സ്നേഹബഹുമാനങ്ങളിലൂന്നിയ ബന്ധവും സൃഷ്ടിക്കുന്ന ഒരു സംസ്കാരത്തിൽ മാത്രമേ ജീവൻ നിലനിൽക്കുകയുള്ളൂ. നമ്മുടെ ആരാധനയും ദൈവശാസ്ത്രവും ആത്മീയതയും ഈ മഹൽ ലക്ഷ്യത്തിലേക്ക് നമ്മെ തിരിപ്പിക്കാനുള്ള ദിഗ്ബോധം പ്രകടിപ്പിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

❑



മെമ്പർഷിപ്പ് ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തുകൊണ്ട് പാമ്പാടി ഡിസ്ട്രിക്ട് ഓർഗനൈസർ മനു അന്ത്രയോസ് വടക്കേൽ സംസാരിക്കുന്നു.




അണി ചേരാം ഹരിതസേനയിൽ
മാലിന്യമില്ലാത്ത
ഒരു സമൂഹത്തിനായി...



## പ്ലാസ്റ്റിക് രഹിത മേഖല

കോത്തല: ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് നടക്കുന്ന യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന സമ്മേളന വേദിയായ പങ്ങട സെന്റ് മേരീസ് പള്ളിയിൽ സെഹിയോൻ യുവജനപ്രസ്ഥാനത്തിന്റെ 'ഹരിതസേന' ടീം പ്രവർത്തിക്കും. പള്ളിയും പരിസരവും പ്ലാസ്റ്റിക് രഹിത മേഖലയാക്കുകയാണ് ലക്ഷ്യം.

## പഠനോപകരണ വിതരണം

പാമ്പാടി: പാമ്പാടി ഗ്രൂപ്പിലെ പള്ളികളുടെ സഹകരണത്തിൽ പാമ്പാടി എം.ഡി. എൽ.പി. സ്കൂൾ (പള്ളിവാതുക്കൽ സ്കൂൾ) കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

## ഗ്രൂപ്പ് സമ്മേളനം

പാമ്പാടി: പാമ്പാടി ഗ്രൂപ്പ് സമ്മേളനം മെയ് 29-നു പാമ്പാടി സെന്റ് ജോൺസ് ചെറിയപള്ളിയിൽ നടന്നു. സമ്മേളനത്തിൽ ഭദ്രാസന വൈസ് പ്രസിഡണ്ട് ആയി നിയമിതനായ ബിറ്റു അച്ചന് സ്നേഹോപഹാരം നൽകി. കലാമേള ചാമ്പ്യന്മാർക്കും, കലാപ്രതിഭ സുധി മേരി തോമസിനും (പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രൽ) അവാർഡുകൾ സമ്മാനിച്ചു.

## ബെസ്റ്റ് യൂണിറ്റ് അവാർഡ്

പാമ്പാടി: പാമ്പാടി ഗ്രൂപ്പിലെ ബെസ്റ്റ് യൂണിറ്റായി കോത്തല സെഹിയോൻ യുവജനപ്രസ്ഥാനം തിരഞ്ഞെടുക്കപ്പെട്ടു. യൂണിറ്റിനുവേണ്ടി മുൻ സെക്രട്ടറി ജോമിൻ കാഞ്ഞിരത്തുമൂട്ടിലും സെക്രട്ടറി ജിതിൻ കുറിയാക്കോസും ചേർന്ന് ട്രോഫി ഏറ്റുവാങ്ങി.

## ഇടയ സന്ദർശനം

കോത്തല: കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്താ യൂഹാനോൻ മാർ ദീയസ്ക്കോറോസ് തിരുമേനിയെ യൂണിറ്റ് അംഗങ്ങൾ സന്ദർശിക്കുകയും ചർച്ച നടത്തുകയും ചെയ്തു.

## ശുദ്ധജലം 2K16 പ്രൊജക്ട്

കോത്തല: മാലിന്യമില്ലാത്ത ജലസ്രോതസ്സുകളും പ്ലാസ്റ്റിക് വിമുക്ത പാമ്പാടി എന്ന ആശയവുമായി ശുദ്ധജലം **2K16** ന്റെ പ്രവർത്തന ഉദ്ഘാടനം ജൂൺ 30-നു ജോഷ്വാ മാർ നിക്കോദിമോസ് നിർവഹിക്കും.

## മെറിറ്റ് ഡേ

കോത്തല: എസ്.എസ്.എൽ.സി., എസ്.എസ്.എഫ്.സി., സി.ബി.എസ്.ഇ. 10th, +2 (Kerala, CBSE, ICSE) പാസ്സായ ഇടവകയിലെ കുട്ടികളെ അനുമോദിച്ചുകൊണ്ട് ജൂൺ 30-ന് ജോഷ്വാ മാർ നിക്കോദിമോസ് പ്രസ്ഥാനത്തിന്റെ ഉപഹാരങ്ങൾ സമർപ്പിക്കും.



**പാമ്പാടി ഡിസ്ട്രിക്ട് ബെസ്റ്റ് യൂണിറ്റ് അവാർഡുമായി കോത്തല യുവജനപ്രസ്ഥാനം പ്രവർത്തകർ**





**അണി ചേരാം ഹരിതസേനയിൽ മാലിന്യമില്ലാത്ത ഒരു സമൂഹത്തിനായി... പാമ്പാടി ദയറായിൽ പെരുന്നാളിന് പ്രവർത്തിച്ച ഹരിതസേന പ്രവർത്തകരോടൊപ്പം കോട്ടയം ഭദ്രാസന വൈസ് പ്രസിഡണ്ട് ഫാ. ബിറ്റു.**




V Tower Building, Opp. Panchayath Jn.
Pampady
Ph: 9447506372


**Like Our Facebook Page**
**www.facebook/sehionocymkothala**


TEXT BOOK
GUIDES
NOTE BOOK
MAGAZINES
OFFICE STATIONERY

Silhoute
BOOK CENTRE & PAPER MART
KADAVUMBAGOM CHAMBERS
OPP. POLICE STATION, PAMPADY
0481-2509277, 9895664153





Published by secretary on behalf of Sehion OCYM, Kothala, Editor: Jomin Kanjirathummoottil. Printed at Sophia Print House, Kottayam Mob: 99471 20697